# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3897 15.05.2017 -ലെ മറുപടി

**<u>ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് നടപടി</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. സ്വരാജ്** | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് ഗുരുതരമായ നിലയിൽ താഴ്ന്ന സാഹചര്യത്തിൽ ജലനിരപ്പ് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | എ) | ഭൂജല വകുപ്പ് ഭൂജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് "ഭൂജലസംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും" പദ്ധതി സംസ്ഥാനത്ത് അവലംബിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജലസംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും" പദ്ധതിയ്ക്കായി വകയിരിത്തിയിരുന്നു. 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17 -ൽ പൂർത്തീകരിച്ചു. ഇതിനായി 39.68 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.2017-2018 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടന്ന് വരുന്നു<br><br>തടയണകൾ നിർമ്മിച്ച് മഴവെള്ളം തടഞ്ഞു നിർത്തിയും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികൾ നിർമ്മിച്ചും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| ബി) | സമയബന്ധിതമായി പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ | ബി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ